# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ജനുവരി 28

# വാർത്താക്കുറിപ്പ്

## എം.ജി. ബി.എഡ് പ്രവേശനം;
## ഓപ്ഷൻ രജിസ്ട്രേഷൻ ഇന്നുകൂടി (ജനുവരി 29)

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ജനുവരി 27ന്ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് ബി.എഡ്. പ്രവേശനത്തിന് ഇന്ന് (ജനുവരി 29) ഉച്ചകഴിഞ്ഞ് രണ്ടുവരെ അപേക്ഷിക്കാം. ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. റാങ്ക് ലിസ്റ്റ് ജനുവരി 30ന് പ്രസിദ്ധീകരിക്കും. 30ന് വൈകീട്ട് 4.30നകം പ്രവേശനം പൂർത്തീകരിക്കും. ഈ അക്കാദമിക വർഷത്തെ ബി.എഡ്. പ്രവേശനം 30ന് അവസാനിക്കും. അപേക്ഷകർ www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവിധ പ്രോഗ്രാമുകളിലെ ഒഴിവ് വിവരങ്ങൾ പരിശോധിച്ച് ഓപ്ഷൻ നൽകണം.

(പി.ആർ.ഒ/39/132/2021)

## പരീക്ഷഫലം

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. സുവോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/133/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.കോം. (സി.എസ്.എസ്. -

റഗുലർ/സപ്ലിമെന്ററി) പരിക്ഷയുടെ ഇ-കൊമേഴ്സ് ഒഴികെയുള്ളവയുടെ പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12ന് മുമ്പായി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/134/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വയലിൻ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/135/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വീണ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/136/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മൃദംഗം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/137/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മോഹിനിയാട്ടം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/138/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഭരതനാട്യം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/139/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. കഥകളി വേഷം (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/140/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. മ്യൂസിക് വോക്കൽ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/141/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. അപ്ലൈഡ് കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/142/2021)

2020 ജനുവരിയിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ (ജനറൽ സോഷ്യൽ സയൻസസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/143/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/144/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. പോളിമർ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/145/2021)

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം (പി.ജി.സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 11 വരെ സർവകലാശാല വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/146/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (എം.എച്ച്.എം. - 2018 അഡ്മിഷൻ റഗുലർ/2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/147/2021)

## ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ അധ്യാപകർക്കും ഗവേഷകർക്കുമായി 'പോസിറ്റീവ് സൈക്കോളജിക്കൽ ക്യാപിറ്റൽ ഓഫ് കോളേജ് സ്റ്റുഡന്റ്സ് ആന്റ് റോൾ ഓഫ് ടീച്ചേഴ്സ്' എന്ന വിഷയത്തിൽ ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുന്നു. യു.ജി.സി. സ്ട്രൈഡ് പദ്ധതിയുടെ കീഴിൽ സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് ആണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. മനശാസ്ത്ര കൗൺസലിംഗ്, മെന്ററിംഗ് എന്നീ വിഷയങ്ങൾ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. താല്പര്യമുള്ളവർ

https://forms.gle/v9GVf4i2orm6rdpr5 എന്ന ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യണം. വിശദവിവരത്തിന് ഫോൺ: 0481-2730922/8848301761/9995582671. UGC STRIDE COMPONENT – I, A/C No. 39226012194, IFS Code: SBIN0070669, M.G University Campus Branch, P.B No. 4 എന്ന വിലാസത്തിൽ ഫീസടയ്ക്കണം.

(പി.ആർ.ഒ/39/148/2021)

## കോവിഡ് 19; സംസ്ഥാനം അതീവജാഗ്രത പുലർത്തണമെന്ന് ഡോ. ബി. ഇക്ബാൽ

കുറഞ്ഞ ചിലവിൽ മെച്ചപ്പെട്ട ആരോഗ്യം എന്ന ആശയം ഫലവത്തായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് അംഗവും സംസ്ഥാന കോവിഡ് വിദഗ്ധ സമിതി ചെയർമാനുമായ ഡോ. ബി. ഇക്ബാൽ പറഞ്ഞു.

മഹാത്മാഗാന്ധി സർവകലാശാല അന്തർ-സർവകലാശാല സാമൂഹികശാസ്ത്രഗവേഷണ കേന്ദ്രം സംഘടിപ്പിച്ച ഡോ. കെ. മാത്യു കുര്യൻ അനുസ്മരണ സമ്മേളനത്തിൽ 'കോവിഡ് കേരളം: ഇനിയെന്ത്?' എന്ന വിഷയത്തിൽ നടന്ന വെബ്-കൊളോക്യത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോവിഡ് രോഗികളുടെ എണ്ണം ആശങ്കാജനകമായി വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനം അതീവ ജാഗ്രത പുലർത്തേണ്ട സമയമാണ്. ഫെബ്രുവരി നിർണായകമായ മാസമാണ്. കോവിഡ് വ്യാപനം തുടങ്ങിയ ഘട്ടത്തിൽ മാതൃകാപരമായ മുൻകരുതലുകൾ സ്വീകരിച്ചു രാജ്യാന്തര പ്രശസ്തി നേടിയ സംസ്ഥാനം ഇപ്പോൾ കടുത്ത ആശങ്കയിലാണ്. രാജ്യത്തു റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ 40 ശതമാനത്തിലേറെ കേരളത്തിലാണെന്നത് ആശങ്കാജനകമാണ്. ലോക്ഡൗൺ നിയന്ത്രണങ്ങൾ നീക്കം ചെയ്തതോടെ പല ഭാഗത്തും അലംഭാവം പ്രത്യക്ഷപ്പെട്ടുതുടങ്ങി. സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ മുൻനിർത്തി വിവിധ മേഖലകൾ തുറന്നതോടെ കോവിഡ് പെരുമാറ്റ ചട്ടങ്ങൾ ലംഘിക്കാൻ തുടങ്ങി. ഉത്സവങ്ങളും ആഘോഷങ്ങളും പൊതുയോഗങ്ങളും സാമൂഹിക വ്യാപനത്തിന് ആക്കം കൂട്ടി. ആൾക്കൂട്ടങ്ങളാണ് അതിവ്യാപന സാധ്യത വർധിപ്പിക്കുന്നതെന്ന യാഥാർഥ്യം നമുക്കു ബോധ്യപ്പെട്ടിട്ടില്ല. പലപാശ്ചാത്യ രാജ്യങ്ങളും വീണ്ടും ലോക്ഡൗണിലേക്കു പോകുന്നതിന്റെ കാരണവും മറ്റൊന്നല്ല. ജനസാന്ദ്രതയും രോഗാതുരതയും കൂടിയ സംസ്ഥാനമെന്ന നിലയിൽ കേരളത്തിൽ കോവിഡ് മരണ നിരക്ക് വളരെ കൂടേണ്ടതാണ്. എന്നാൽ ദേശീയ ശരാശരിയേക്കാൾ വളരെ താഴ്ന്നതാണ് കേരളത്തിന്റെ മരണ നിരക്ക്. ഇതിനു കാരണം ആരോഗ്യമേഖലയിലെ സവിശേഷമായ ഇടപെടലുകളാണ്. കോവിഡ് വ്യാപനം തുടങ്ങുന്നതിനു മുൻപ് തന്നെ മുൻകരുതലുകൾ എടുത്തു തുടങ്ങിയ സംസ്ഥാനമാണ് കേരളം. സാമൂഹിക നീതിയിലും തുല്യതയിലും അധിഷ്ഠിതമായ ആരോഗ്യനയം കേരളത്തിന്റെ പ്രത്യേകതയാണ്. എന്നാൽ മെച്ചപ്പെട്ട സാഹചര്യങ്ങളെ വളരെ കരുതലോടെ സമീപിച്ചാൽ മാത്രമേ കോവിഡിനെ പിടിച്ചു നിർത്താൻ കഴിയുകയുള്ളൂവെന്നും ഡോ. ഇക്ബാൽ പറഞ്ഞു.

കോവിഡിന്റെ വ്യാപനം തടയുന്നതിൽ നിർണായകമായ പങ്കാണ് വാക്സിനുകൾക്കു ഉള്ളതെന്നും അതിനെ സംബന്ധിച്ച ആശങ്കകളും അന്ധവിശ്വാസങ്ങളും ദൂരീകരിക്കേണ്ടത് ശാസ്ത്രസമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും ഡോ. കെ.പി. അരവിന്ദൻ പറഞ്ഞു. ആവശ്യത്തിനു വേണ്ട വാക്സിനുകളുടെ ലഭ്യതയും അതിന്റെ ജനാധിപത്യപരമായ വിതരണവും ഭരണകൂടങ്ങൾ ഏറ്റെടുക്കേണ്ട വെല്ലുവിളിയാണ്. ഒരു വർഷം കൊണ്ടു രണ്ടു ദശലക്ഷത്തിലേറെ മരണത്തിനു കാരണമാകുകയും നൂറു ദശലക്ഷത്തോളം ജനങ്ങളെ കീഴടക്കുകയും ചെയ്ത

കോവിഡിനെ ലഘൂകരിച്ച് കാണുന്ന പ്രവണതയുണ്ട്. ഇതു പ്രതിരോധ പ്രവർത്തനങ്ങളെ ബാധിക്കും. ഒരു വശത്ത് രാഷ്ട്രീയഇച്ഛാശക്തിയും മറുവശത്ത് അന്താരാഷ്ട്ര സഹകരണവുമുണ്ടെങ്കിൽ മഹാമാരികളെ നേരിടാനും അതിനു പരിഹാരമുണ്ടാക്കാനും കഴിയും. ഒരു വർഷത്തിനുള്ളിൽ തന്നെ നിരവധി വാക്സിനുകൾ പരീക്ഷിക്കാനും വികസിപ്പിക്കാനും കഴിഞ്ഞത് ശാസ്ത്രത്തിന്റെ അപൂർവ നേട്ടങ്ങളിൽ ഒന്നാണെന്നും അദ്ദേഹം പറഞ്ഞു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സുപ്രധാന പങ്കുവഹിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്ന് 'കില'യുടെ ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ പറഞ്ഞു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മാതൃകാപരമായ രീതിയിലാണ് നടക്കുന്നതെങ്കിലും ജനങ്ങൾ വളരെ ജാഗ്രതയോടെ ജീവിക്കേണ്ട കാലഘട്ടം ആണിതെന്നും അധ്യക്ഷത വഹിച്ച ഡോ. എ.കെ. ജയശ്രീ ചൂണ്ടിക്കാട്ടി.

സർവകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ് അനുസ്മരണ പ്രഭാഷണം ഉത്ഘാടനം ചെയ്തു. ഡോ. കെ.എം. സീതി, ഡോ. മാത്യു വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.

(പി.ആർ.ഒ/39/149/2021)

## സെനറ്റ് തെരഞ്ഞെടുപ്പ്; ഉപവരണാധികാരി

മഹാത്മാഗാന്ധി സർവകലാശാല സെനറ്റിൽ ഗവൺമെന്റ്/എയ്ഡഡ് പ്രൈവറ്റ് കോളേജ് പ്രിൻസിപ്പൽമാരുടെ മണ്ഡലത്തിലെ ഒഴിവ് നികത്തുന്നതിനായി ഉപവരണാധികാരികളായി ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്)നെയും അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)നെയും നിയോഗിച്ച് ഉത്തരവായി.

(പി.ആർ.ഒ/39/150/2021)

## സിൻഡിക്കേറ്റ് യോഗം 30ന്

മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റിന്റെ യോഗം ജനുവരി 30ന് രാവിലെ 10.30ന് സർവകലാശാല ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ/39/151/2021)

## മഹാത്മാഗാന്ധി രക്തസാക്ഷിത്വ വാർഷിക ദിനാചരണം

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ വാർഷിക ദിനമായ ജനുവരി 30ന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിച്ച് സർവകലാശാലയിൽ മൗനാചരണം നടത്തും. രാവിലെ 11 മണിക്കാണ് രണ്ടുമിനിറ്റ് മൗനം ആചരിക്കുന്നത്.

(പി.ആർ.ഒ/39/152/2021)

## Health experts call for greater vigilance

"Even as the surge in COVID-19 cases has sent ominous signals across districts in Kerala, the state and civil society should have shown utmost vigilance in the direction of containing the pandemic," says Dr B. Ekbal, Chairman, Kerala State Expert Committee on COVID-19 and member, Kerala State Planning Board. He was delivering the keynote lecture at the Web-Colloquium on "COVID Keralam: What Next" organised in memory

of veteran social scientist and former member of Rajya Sabha, Dr. K. Mathew Kurian by the Inter University Centre for Social Science Research and Extension (IUCSSRE), Mahatma Gandhi University.

Dr Ekbal said that Kerala has proudly set a model for ‘good health with low cost, good health with social justice and equity’ in the country. Though the state has been acclaimed globally for its early preparedness and meticulous precautionary measures, concerns and anxieties have grown apace recently about the super-spread of the coronavirus in the state. If the current trend continues, February will be very crucial for the state, particularly in the background of the forthcoming Assembly elections with the pre-poll activities. It is not reassuring that more than 40 per cent of the caseload reported in the country are from Kerala, besides the state’s high positivity rate. Evidently, the community spread has been intensified with the easing of restrictions in the post-lockdown period.

Dr Ekbal pointed out that Kerala with its high density of population, high percentage of the older people and a large number of people with comorbidities is among the riskiest states in India when it comes to COVID-19. Yet, notwithstanding the surge in cases, Kerala was able to sustain low death rate (far below all India level) which shows that the state is in the right direction. He said that this success story can be attributed to the success of its distinctive social capital emerging from its decentralised and vigorous public health care system, its dynamic local governance and its well-informed community engagement. He further pointed out that with the onset of the coronavirus, the state’s primary health centres and district hospitals saw spectacular expansion improvement in infrastructure and funding. This robust health care system also enhanced the morale of the health care personnel to combat the pandemic, Dr Ekbal said.

Dr. K.P. Aravindan, Medical Director of Micro Health Laboratories and former Professor and Head, Dept of Pathology, Govt Medical College, Kozhikode said that there is tendency to downplay the intensity of the COVID-19. We must know that in less than a year, it has taken a heavy toll of two million deaths with more than 100 million infection cases. He said that vaccine is the most effective remedy to combat the pandemic. It was evidently a great achievement to have developed different vaccines in one year. This has been made possible due to the cooperation and collaboration among the world scientific community, as well as among nations in times of the crisis. Yet, there is a big challenge in the availability of sufficient vaccine for the entire population. The question of equitable distribution among the different sections of people is equally problematic. This certainly calls for political will and democratisation at higher levels, Dr Aravindan said.

Dr. Joy Elamon, Director General, KILA said that the local self-governments (LSGs) have played a critical role in the COVID disaster response measures. LSGs could also sustain effective food security infrastructure during the pandemic and even supported migrant workers in this crucial time. However, with the newly elected members in LSGs, we need to offer intensive training and planning on an urgent basis to ensure continuity in the disaster response measures. LSGs also are also expected to step in with new activities and programmes associated with post-COVID management, Dr Elamon said.

Dr. Sabu Thomas, Vice Chancellor, Mahatma Gandhi University inaugurated the colloquium. Dr. A.K Jayasree**,** Professor and Head, Department of Community Medicine at the Academy of Medical Sciences, Pariyaram chaired the session. Dr. K.M. Seethi welcomed and Dr. Mathew Varghese proposed a vote of thanks.

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ